# Deepika

# 23 August 2018

# Kochi: Heavy rain, Flood relief fund



## പ്രളയ ദുരിതാശ്വാസത്തിന് എറണാകുളം പ്രസ് ക്ലബും

**കൊച്ചി:** പ്രളയത്തിൽ ദുരന്തത്തിനിരയായവരെ സഹായിക്കുന്നതിനായി എറണാകുളം പ്രസ് ക്ലബ് രംഗത്ത്. വിവോ മൊബൈൽസുമായി സഹകരിച്ചാണു പദ്ധതി നടപ്പാക്കുക. രണ്ടുഘട്ടങ്ങളായി നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അൻപത് ലക്ഷം രൂപയുടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്യും. ആദ്യഘട്ടത്തിൽ മുപ്പത് ലക്ഷം രൂപയുടെ അരിയും അവശ്യ സാധനങ്ങളും വിതരണം ചെയ്യും.

എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ കെടുതി അനുഭവിക്കുന്ന മേഖലകളിലും കുട്ടനാട്ടിലുമായാണു സഹായമെത്തിക്കുന്നത്. രണ്ടാംഘട്ട സഹായമായി ക്യാമ്പുകളിൽനിന്നു വീട്ടിലേക്ക് മടങ്ങുന്നവർക്ക് ക്ലീനിംഗ് സാമഗ്രികളടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്യും. ഈവിധം ഇരുപതു ലക്ഷം രൂപയുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യും. മാധ്യമപ്രവർത്തകർ ഇതിനു മേൽനോട്ടം വഹിക്കുമെന്നു പ്രസ്ക്ലബ് പ്രസിഡന്റ് ഡി. ദിലീപ്, സെക്രട്ടറി സുഗതൻ പി ബാലൻ എന്നിവർ അറിയിച്ചു.

സെപ്റ്റംബർ 22 വരെ വില്പന നടത്തുന്ന വിവോ മൊബൈലുകളിൽ അമ്പതു രൂപ വീതം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുമെന്നു വിവോ ബിസിനസ് ഓപ്പറേഷൻസ് എജിഎം ബൈജു മാത്യു അറിയിച്ചു.